പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.167 | 04.11.2019 ൽ മറുപടിയ്ക്ക്

# മാവേലി സ്റ്റോർ വഴിയുള്ള സബ്സിഡി സാധനങ്ങളുടെ വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇവ ഫലപ്രദമല്ലെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിപണി ഇടപെടലുകൾക്ക് നടപടി സ്വീകരിക്കുമോ; | (എ) | അവശ്യസാധനങ്ങളുടെ വില നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ മുഖേന പ്രവർത്തിക്കുന്ന വിപണി ഇടപെടൽ സംവിധാനം നിലവിലുണ്ട്. സാധനങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണിയിലെ ഏറ്റവും കുറഞ്ഞ വില ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ, വിപണന ശൃംഖല വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ശബരി ഉൽപ്പന്നങ്ങളുടെ വില്പന വിപുലീകരിക്കുന്നതിനുള്ള നടപടികൾ, ഗൃഹോപകരണങ്ങളുടെ വില്പന എന്നിവയിലൂടെ വിപണി ഇടപെടൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും അവശ്യ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിനും സപ്ലൈകോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 14 ഇനം സബ് സിഡി സാധനങ്ങളും 36 ഇനം അവശ്യസാധനങ്ങൾ ഫ്രീസെയിൽ സബ്സിഡി നിരക്കിലും, സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവ പൊതുവിപണിയിലേതിനേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിലും വില്പന നടത്തുന്നു. ഇ-ടെണ്ടർ, ഇ-ഓക്ഷൻ മാർഗ്ഗങ്ങളിലൂടെ ആവശ്യാനുസരണം അവശ്യ വസ്തുക്കൾ സംഭരിക്കുകയും അരി, സവാള തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചപ്പോൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്തു വരുന്നു. പ്രൈസ് സ്റ്റെബിലൈസേഷൻ പദ്ധതി പ്രകാരം നാഫെഡിൽ നിന്ന് ചെറുപയർ, തുവരപ്പരിപ്പ്, കടല, ഉഴുന്ന് എന്നിവയും സംഭരിക്കുന്നുണ്ട്. വിൽപ്പനശാലകളുടെ എണ്ണം 1529 ൽ നിന്നും 1571 ആയി വർദ്ധിപ്പിക്കുകയും പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തി 109 വിൽപ്പനശാലകൾ നവീകരിക്കുകയും |

| | | | |
|---|---|---|---|
| | | | 40 ശതമാനം വിലക്കുറവിൽ ഗൃഹോപകരണങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. |
| (ബി) | മാവേലി സ്റ്റോറുകളിൽ നിന്നുമുള്ള സബ്സിഡി സാധനങ്ങളുടെ വിതരണത്തിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സപ്ലൈകോയിലെ ചില ഔട്ട് ലെറ്റുകളിൽ വിജിലൻസ് വിഭാഗം പരിശോധന നടത്തിയപ്പോൾ ഷോപ്പ് മാനേജർമാർ കാർഡ് ഉടമ അറിയാതെ അയാളുടെ റേഷൻകാർഡ് നമ്പർ അനധികൃതമായി ഉപയോഗിച്ച് സബ്സിഡി സാധനങ്ങൾ ദുരുപയോഗം ചെയ്തു് എടുത്തിട്ടുള്ളതായി കണ്ടിരുന്നു. ഇത്തരത്തിൽ ക്രമക്കേടിന് ഉത്തരവാദികളായ ഷോപ്പ് മാനേജർമാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുവാനും ദുരുപയോഗം ചെയ്തെടുത്ത സബ്സിഡി സാധനങ്ങളുടെ പൊതു വിപണിയിലുള്ള വില ഈടാക്കുവാനും ഉള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് എന്ത് നടപടിയാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) | സബ്സിഡി സാധങ്ങൾ യാഥാർത്ഥ കാർഡുടമയ്ക്ക് തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ റേഷൻ കാർഡ് ഡാറ്റയെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ് വിതരണം നടത്തുന്നത്. വിതരണ വിവരങ്ങൾ ഉപഭോക്താവിന്റെ റേഷൻ കാർഡിൽ രേഖപ്പെടുത്തുകയും ഇ-ടെണ്ടർ, ഇ-ഓക്ഷൻ മാർഗ്ഗങ്ങളിലൂടെ ആവശ്യാനുസരണം അവശ്യ വസ്തുക്കൾ സംഭരിച്ച് വിൽപ്പനശാലകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| (ഡി) | മാവേലി സ്റ്റോറുകളിലെ ഫാസ്റ്റ് മൂവിംഗ് കൗണ്ടർ ഗുഡ്സ് വിഭാഗത്തിൽപെട്ട സാധനങ്ങൾ മാസത്തിന്റെ രണ്ടാം പാദം കഴിയുമ്പോൾ ലഭ്യമാകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ